**രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട് ജൂലൈ മാസം ഇരുപതാം**
തീയതി എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക് ഐരാപുരം വില്ലേജ്
കുന്നക്കുരുടി കരയിൽ പാപ്പാലിൽ **ജോർജ്ജ്.പി.ഡി.** എറണാകുളം ജില്ല
കുന്നത്തുനാട് താലൂക്ക് ഐരാപുരം വില്ലേജ് തൃക്കളത്തൂർ (ഓലിപ്പാറ) കരയിൽ
ചെട്ടുകുടിയിൽ പൊന്നപ്പൻ.സി.ജി. മകൻ **വൈശാഖ്.സി.പി.** രണ്ടാംകക്ഷിയായും
കൂടി പരസ്പരം സമ്മതിച്ചെഴുതിയ വാടക കരാർ. നമ്മളിൽ ഒന്നാംകക്ഷി വകയും
ഒന്നാംകക്ഷിയുടെ കൈവശത്തിൽ ഇരിക്കുന്നതുമായ മഴുവന്നൂർ പഞ്ചായത്ത്
VII-ാം വാർഡിൽ 637 -ാംനമ്പർ കെട്ടിടമുറി പ്രതിമാസം 4,500/- (നാലായിരത്തി
അഞ്ഞൂറ്) രൂപ വീതം വാടക തരുവാൻ സമ്മതിച്ച് ഇന്നു മുതൽ പതിനൊന്നു
മാസം വരെയുള്ള ക്ലിപ്ത കാലാവധിക്ക് ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് വാടകക്ക്
കൈവശംവിട്ടുകൊടുത്തിരിക്കുന്നതിനാൽ ടി കെട്ടിടമുറി ഇന്നു മുതൽ രണ്ടാം
കക്ഷി സൂക്ഷിച്ച് കൈവശംവച്ച് വാടക രൂപ പ്രതിമാസങ്ങളിലെ ഒന്നാം തീയ
തികൾ തോറും രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് കൊടുത്ത് ഒന്നാം കക്ഷി
യുടെ കൈപ്പട രസീത് വാങ്ങികൊള്ളേണ്ടതും വാടക രൂപ പ്രതിമാസങ്ങളിൽ
രണ്ടാംകക്ഷി ഒന്നാംകക്ഷിക്ക് കൊടുക്കാതെ കുടിശിഖ വരുത്തിയാൽ കുടിശിഖ
സംഖ്യക്ക് കുടിശിഖ തീയതി മുതൽ നിയമാനുസരണമുള്ള പലിശ സഹിതം
രണ്ടാം കക്ഷിയിലും മുതലുകളിലും നിന്ന് ഈടാക്കി എടുക്കുന്നതിന് ഒന്നാം
കക്ഷിക്ക് അവകാശം ഉള്ളത് കൂടാതെ ടി കെട്ടിടമുറിയിൽ നിന്നും
രണ്ടാംകക്ഷി ഒഴിഞ്ഞു തന്നതായി കണക്കാക്കി പൂട്ടി കൈവശംവക്കുന്ന
തിനും ഒന്നാംകക്ഷിക്ക് അവകാശമുള്ളതുമാണ്. കാലാവധി തികയുന്ന മുറക്ക്
യാതൊരവകാശ തർക്കമോ ബാദ്ധ്യതയോ പറയാതെ രണ്ടാംകക്ഷി ടി
കെട്ടിടമുറി താക്കോൽ സഹിതം ഒന്നാം കക്ഷിക്ക് തിരികെ കൈവശം വിട്ടു
കൊടുക്കേണ്ടതും ടി കെട്ടിടമുറിയിലേക്കുള്ള കറന്റ്ചാർജ്ജ് വാടകയിൽ
കുറക്കാതെ രണ്ടാംകക്ഷി തന്നെ കൊടുത്ത് തീർത്ത് രസീത് വാങ്ങി ഒന്നാം
കക്ഷിയെ ഏൽപ്പിക്കേണ്ടതും ഈ കരാർ നിലവിലിരിക്കെ ടി കെട്ടിടമുറി
കീഴ്വാടകക്ക് കൊടുക്കുന്നതിനോ, രൂപഭേദപ്പെടുത്തുന്നതിനോ മറ്റോ
രണ്ടാംകക്ഷിക്ക് അവകാശമില്ലാത്തതും ടി പതിനൊന്നുമാസത്തെ കരാർ
കാലാവധിക്ക് മുമ്പായി ഒന്നാംകക്ഷിക്ക് രണ്ടാംകക്ഷിയെ ടി കെട്ടിടമുറിയിൽ

ഒന്നാംകക്ഷി
**ജോർജ്ജ്.പി.ഡി.**

രണ്ടാംകക്ഷി
**വൈശാഖ്.സി.പി.**

നിന്നും ഒഴിവാക്കണമെന്നോ രണ്ടാംകക്ഷിക്ക് സ്വയമേവ ഒഴിവാകണമെന്നോ അഭിപ്രായമാകുന്ന പക്ഷം പ്രസ്തുത വിവരം ഒരുമാസം മുമ്പേ ഇരുകക്ഷികളും രേഖാമൂലം പരസ്പരം അറിയിക്കേണ്ടതും രണ്ടാംകക്ഷി മുഖാന്തിരം ടി കെട്ടിടമുറിക്ക് ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയത് രണ്ടാംകക്ഷിയുടെ ഉത്തരവാദിത്ത്വത്തിലും ചുമതലയിലും ചിലവിലും തീർത്തുകൊടുക്കേണ്ടതുമാണ്. മേൽ വിവരിച്ച വ്യവസ്ഥകൾ നമ്മൾ പരസ്പരം സമ്മതിച്ച് താഴെപറയുന്ന സാക്ഷികൾ മുമ്പാകെ ഇതിൽ ഒപ്പിട്ടിട്ടുള്ളതുമാകുന്നു.

എന്ന് ടി ഒന്നാംകക്ഷി
**ജോർജ്ജ്.പി.ഡി.**

രണ്ടാംകക്ഷി
**വൈശാഖ്.സി.പി.**

സാക്ഷികൾ:

1. വിജേഷ് p.v
2. വിനായക് c.p

ഒന്നാംകക്ഷി
**ജോർജ്ജ്.പി.ഡി.**

രണ്ടാംകക്ഷി
**വൈശാഖ്.സി.പി.**